## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2762 27.01.2014 -ൽ മറുപടിയ്ക്ക്

## എംപ്ലോയബിലിറ്റി സെന്ററുകൾ

ചോദ്യം ഉത്തരം

**ശ്രീ. പി.കെ.ബഷീർ** **ശ്രീ.ഷിബു ബേബി ജോൺ**

(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ, പ്രസ്തുത സെന്ററുകളിലൂടെ എന്തെല്ലാം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുക വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുവാനാണ് ഉദ്ദേശിക്കുന്നത്. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതരെ സൈക്കോമെട്രിക് ടെസ്റ്റ്, അഭിരുചി പരീക്ഷ തുടങ്ങിയവയിലൂടെ കഴിവുകൾ കണ്ടെത്തി അവർക്കാവശ്യമായ പരിശീലനം (കമ്മ്യൂണിക്കേഷൻ സ്കിൽ, ഇന്റർവ്യൂ സ്കിൽ എന്നിവയിൽ) എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നൽകുന്നു. സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളുമായി നേരിട്ടോ ജോബ്ഫെയർ തുടങ്ങിയവ സംഘടിപ്പിച്ചു കൊണ്ടോ ബന്ധപ്പെട്ടുകൊണ്ട് പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടുവാൻ സഹായിക്കുന്നു. ഇതാണ് എംപ്ലോയബിലിറ്റി സെന്ററുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | നിലവിൽ കേരള സംസ്ഥാനത്ത് എവിടെയെല്ലാമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുള്ള തെന്നും പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുമോ യെന്നും വിശദമാക്കുമോ ? | (സി) | 2012-13 സാമ്പത്തിക വർഷം കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2013-2014 സാമ്പത്തിക വർഷം പാലക്കാട്, കണ്ണൂർ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഘട്ടംഘട്ടമായി കേരളത്തിലെ എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടും ചേർന്ന് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ